# SAMPLE QUESTION PAPER

# D.Ed SEMESTER-III ($S_3$) EXAMINATION

## $S_3P_{14}$ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Actual Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

## $S_3 . P_{14}$ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ

## I Design of Question Paper

### WEIGHTAGE TO CONTENT

| Sl. No. | Name of Unit | No. of Questions | Score | Percentage |
|---|---|---|---|---|
| 1. | സാമൂഹിക ജീവിതവും വിദ്യാഭ്യാസവും | 4 | 7 | 11.67 |
| 2 | വിദ്യാഭ്യാസ ദർശനങ്ങൾ | 7 | 18 | 30 |
| 3 | ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ചരിത്ര പശ്ചാത്തലം | 7 | 18 | 17 |
| 4 | വിദ്യാലയം ഒരു സാമൂഹ്യസ്ഥാപനം | 4 | 7 | 11.67 |
| 5 | വിദ്യാലയ സംവിധാനവും മാനേജ്മെന്റും | 5 | 10 | 16.66 |
| | **ആകെ** | **27** | **60** | **100** |

### WEIGHTAGE TO TYPE OF QUESTIONS

| Sl. No. | Type | No. of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective | 10 | 10 | 16.7 |
| 2 | Short Answer (Type-1) | 5 | 10 | 16.7 |
| 4 | Short Answer (Type -2) | 10 | 30 | 50 |
| 5 | Essay | 2 | 10 | 16.6 |
| | **Total** | **27** | **60** | **100** |

## WEIGHTAGE TO LEVEL OF QUESTIONS

| Sl. No. | Level | Score | Percentage |
|---|---|---|---|
| 1 | Easy | 12 | 20 |
| 2 | Average | 36 | 60 |
| 3 | Difficult | 12 | 20 |
| | **Total** | **60** | **100** |

## BLUE PRINT

| Sl. No. | Name of Unit | Number & Score | | | | | Total Score |
|---|---|---|---|---|---|---|---|
| | | Type | Objective | Short answer | | Essay | |
| | | Score | Score-1 | Score-2 | Score-3 | Score-5 | |
| 1. | സാമൂഹികജീവിതവും വിദ്യാഭ്യാസവും | | 2(2) | 1(2) | 1(3) | | (10)24 |
| 2. | വിദ്യാഭ്യാസ ദർശനങ്ങൾ | | 2(2) | 1(2) | 3(9) | 1(5) | 7(18) |
| 3. | ഇന്ത്യൻ വിദ്യാഭ്യാസ ത്തിന്റെ ചരിത്ര പശ്ചാത്തലം | | 2(2) | 1(2) | 3(9) | 1(5) | 7(18) |
| 4. | വിദ്യാലയം ഒരു സാമൂഹ്യ സ്ഥാപനം | | 2(2) | 1(2) | 1(3) | | 4(7) |
| 5. | വിദ്യാലയ സംവിധാനവും മാനേജ്മെന്റും | | 2(2) | 1(2) | 263) | | 5(107) |
| | **ആകെ** | | **10(10)** | **5(10)** | **10(30)** | **2(10)** | **27(60)** |

# Diploma in Education (D.Ed) Examination
## Semester -III

## $S_3.P_{14}$ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അടിത്തറ

**Maximum scores: 60** | **Time : 2 hrs**
**Cool off time : 15 Minutes**

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
2. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുന്നതിനും എഴുതേണ്ട മുൻഗണനാക്രമം തീരുമാനിക്കുന്ന തിനുമാണ് സമാശ്വാസ സമയമായി ആദ്യത്തെ 15 മിനിറ്റ് അനുവദിച്ചിട്ടുള്ളത്.

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് അനുയോജ്യമായ ഉത്തരം തെര ഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. 'നെഗറ്റീവ് എഡ്യൂക്കേഷൻ' എന്ന ആശയം മുന്നോട്ടുവച്ച വിദ്യാഭ്യാസചിന്തകനാര്?

(a) ഫ്രോബൽ (b) പൗലോഫ്രയർ

(c) റൂസ്സോ (d) കൊമീനിയസ്

2. 2011-ലെ സെൻസെസ് അനുസരിച്ച് ഏറ്റവും കൂടുതൽ സാക്ഷരത നിരക്കുള്ള ഇന്ത്യൻ സംസ്ഥാനമേത്?

(a) മിസോറാം (b) കേരളം

(c) ഗോവ (d) ത്രിപുര

3. താഴെപ്പറയുന്നവയിൽ 'അധ്യാപകനുമായി' പൂർണമായി ബന്ധമില്ലാത്തതേത്?

(a) ഗവേഷകൻ (b) സഹപാഠിതാവ്

(c) സഹരക്ഷാകർത്താവ് (d) വിജ്ഞാനം പകർന്നു കൊടുക്കുന്ന വ്യക്തി.

4.. 'ഇന്ത്യയിലെയും അറേബ്യയിലെയും സകലസാഹിത്യത്തെക്കാളും വിലമതിക്കപ്പെട്ടതാണ് ഒരു അല മാരയിലൊതുങ്ങുന്ന യൂറോപ്യൻ സാഹിത്യം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഏത് രേഖയിലാണ്.

(a) സർജന്റ് റിപ്പോർട്ട്

(b) അബട്ട് & വുഡ് കമ്മിറ്റി റിപ്പോർട്ട്

(c) ഹാർട്ടോഗ് കമ്മിഷൻ റിപ്പോർട്ട്

(d) മെക്കാളെയുടെ മിനിറ്റ്സ്

5. താഴെക്കൊടുത്തിരിക്കുന്നവയിൽ വിദ്യാലയത്തിന് നേരിട്ട് പിന്തുണ നൽകാൻ ഉത്തരവാദിത്തമില്ലാത്ത സംവിധാനമേത്?

a) സന്നദ്ധസംഘടനകൾ (b) ബി.ആർ..സി

(c) ഡയറ്റ് (d) എ.ഇ.ഒ

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരം ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക. 1 സ്കോർ വീതം)** (5 x 1=5)

6. വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം 'ആത്മസാക്ഷാത്ക്കാരം' ആണെന്ന് കരുതുന്ന വിദ്യാഭ്യാസദർശനമേത്?

7. Learning without burden' എന്ന റിപ്പോർട്ട് തയ്യാറാക്കിയ വിദ്യാഭ്യാസ കമ്മിറ്റി ഏത്?

8. സമൂഹശാസ്ത്രം (Sociology) എന്നതു കൊണ്ടർഥമാക്കുന്നതെന്ത്?

9. 'വിദ്യാലയ മോണിറ്ററിംഗ്' എന്നാലെന്ത്?

10. സ്കൂൾ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളെയും ഒരു പാഠനസഹായിയായി കാണുന്ന രീതി.

**(11 മുതൽ 15 വരെ ചോദ്യങ്ങളുടെ ഉത്തരം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക. 2 സ്കോർ വീതം)** (5 x 2=10)

11. 'വിദ്യാലയ ജാഗ്രതാ സമിതി'യുടെ പ്രാധാന്യമെന്ത്?

12. 'ബുദ്ധമതകാല വിദ്യാഭ്യാസ' ത്തിന്റെ ലക്ഷ്യങ്ങളെന്തൊക്കെയായിരുന്നു.?

13. പാഠ്യപദ്ധതിയുടെ പ്രാദേശിക അനുരൂപീകരണത്തിന്റെ ആവശ്യമെന്ത്?

14. നിങ്ങളുടെ വിദ്യാലയത്തെ സുസ്ഥിര കാമ്പസ് ആക്കി മാറ്റാൻ എന്തൊക്കെ കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും?

15. പ്രകൃതിവാദം മുന്നോട്ടുവയ്ക്കുന്ന പഠനരീതി കേരളത്തിൽ നിലവിലുള്ള പ്രൈമറി പാഠ്യപദ്ധതിയെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക.

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം)** (10 x 3= 30)

16. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ കേരളം മുൻനിരയിലെത്താനുള്ള ഏതെങ്കിലും മൂന്ന് കാരണങ്ങൾ ചൂണ്ടിക്കാണിക്കുക.

17. 'ദർശനികത'യ്ക്ക് പിന്നിലെ പ്രേരണകൾ എന്തൊക്കെയാണ്? സംക്ഷിപ്തമായി എഴുതുക.

18. 1986-ലെ ദേശീയ വിദ്യാഭ്യാസ നയം (NPE 1986) ഇന്ത്യൻ - വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ അനുകൂല മാറ്റങ്ങൾ കൊണ്ടുവന്നു. NPE യുടെ പ്രധാന കാഴ്ചപ്പാടുകൾ ഏവ?

19. സ്കൂൾ അനുഭവപരിപാടിയുമായി ബന്ധപ്പെട്ട് നിങ്ങൾ സന്ദർശിച്ച സ്കൂളിലെ പരിമിതികൾ എന്തൊക്കെ? അവയിലൊന്ന് പരിഹരിക്കാനാവശ്യമായ സ്കൂൾ വികസന പദ്ധതിയുടെ (SDP) രൂപരേഖ ചുരുക്കി തയ്യാറാക്കുക.

20. പഠനരീതിയെക്കുറിച്ചുള്ള പൗലോഫ്രയറിന്റെ കാഴ്ചപ്പാടുകൾ ചൂണ്ടിക്കാണിക്കുക.

21. 'കേരളത്തിലെ വിദ്യാഭ്യാസ നേട്ടങ്ങളുടെ അടിസ്ഥാനകാരണം ക്രിസ്ത്യൻ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ്'. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? എന്തു കൊണ്ടെന്ന് ചുരുക്കിയെഴുതുക.

22. വിദ്യാലയം ജനാധിപത്യവത്കരിക്കുന്നതിന് നിങ്ങൾ ഒരുക്കുന്ന അവസരങ്ങൾ എന്തൊക്കെയാണ്

23 'സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന വീക്ഷണമാണ് സ്വാമി വിവേകാനന്ദൻ സ്വീകരിച്ചിരുന്നത്' പരിശോധിക്കുക.

24. 'എല്ലാ അയൽപക്കത്തും (neighbourhood) വിദ്യാലയങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക' വിദ്യാഭ്യാസാവകാശ നിയമം 2009 ലെ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ആവശ്യകത എന്ത്?

25. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ (SMC) പ്രാധാന ചുമതലകൾ എന്തെല്ലാം?

**26 മുതൽ 27 വരെ ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. 5 സ്കോർ വീതം)** (2 x 5 = 10)

26. ഗാന്ധിജി, ജോൺഡ്യൂയി എന്നിവരുടെ വിദ്യാഭ്യാസകാഴ്ചപ്പാടുകൾക്ക് സമാനതകളുണ്ടോ? വിശദമാക്കുക.

27. ‘കേരള വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വളർച്ച’ എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.

## SCORING INDICATORS

| Qn. No. | Value Points | Total Score |
|---|---|---|
| 1 | (c) റൂസ്സോ | 1 |
| 2 | (b) കേരളം | 1 |
| 3 | (c) വിജ്ഞാനം പകർന്നുകൊടുക്കുന്ന വ്യക്തി | 1 |
| 4 | (b) മെക്കാളെയുടെ മിനിറ്റ്സ് | 1 |
| 5 | (a) സന്നദ്ധ സംഘടനകൾ | 1 |
| 6 | ആശയവാദം | 1 |
| 7 | യശ്പാൽ കമ്മിറ്റി | 1 |
| 8 | സമൂഹത്തെ സംബന്ധിക്കുന്ന ശാസ്ത്രം | 1 |
| 9 | ആസൂത്രണം ചെയ്തു വിദ്യാലയ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായി നടക്കുന്നുവെന്ന് വിലയിരുത്തി വേണ്ട ദിശ കാണിച്ചു കൊടുക്കൽ. | 1 |
| 10 | BOLA (Building as Learning Aid) | 1 |
| 11 | • സ്കൂൾ കുട്ടികളുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ മാനസികവും വൈകാരികവുമായ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സമിതി<br>• ലൈംഗിക ചൂഷണത്തിനെതിരെ പ്രവർത്തിക്കുന്നു.<br>• ലഹരി ഉപയോഗം തടയാനുള്ള ശ്രമങ്ങൾ<br>(ഏതെങ്കിലും രണ്ട് പോയിന്റ്) | 2 |
| 12 | • വ്യക്തിയുടെ സർവതോന്മുഖ വികസനം<br>• ജീവിതത്തിന്റെ പരമമായ ലക്ഷ്യം നിർവാണപ്രാപ്തിയിയിരുന്നതു കൊണ്ട് വിദ്യാഭ്യാസ ലക്ഷ്യവും അതുതന്നെ<br>• മാനസികവും ശാരീരികവും ബൗദ്ധികവും സാന്മാർഗികവുമായ ലക്ഷ്യങ്ങൾ (ഏതെങ്കിലും രണ്ട് പോയിന്റ്) | 2 |
| 13 | • കുട്ടികളുടെ സംസ്കാരത്തിനും അനുഭവപരിസരത്തിനും അനുയോജ്യമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണ് ഉണ്ടാകേണ്ടത്<br>• ദേശീയ സംസ്ഥാന തലങ്ങളിൽ നിർമ്മിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവും പലപ്പോഴും കുട്ടികൾക്ക് അന്യമായി അനുഭവപ്പെടുന്നു. | 2 |
| 14 | • സുസ്ഥിര വികസന കാഴ്ചപ്പാടുകൾ പ്രേചരിപ്പിക്കുക<br>• പരിസ്ഥിതി വിദ്യാഭ്യാസം<br>• മഴവെള്ള സംഭരണി സ്ഥാപിക്കുക.<br>• വെള്ളത്തിന്റെ പുനരുപയോഗ രീതികൾ നടപ്പാക്കുക<br>• പൂന്തോട്ടം, പച്ചക്കറിത്തോട്ടം, കാമ്പസ് ഹരിതവത്ക്കരണം etc.<br>(ഏതെങ്കിലും 2 എണ്ണം) | 2 |
| 15 | • പഠിതാവിനെ കേന്ദ്രസ്ഥാനത്ത് നിർത്തുന്നു.<br>• കാണാപാഠം പഠിക്കുന്നതിനെ എതിർക്കുന്നു.<br>• സ്വയം നിയന്ത്രിത അച്ചടക്കത്തിന് പ്രാധാന്യം<br>• പുസ്തകങ്ങളേക്കാൾ അനുഭവങ്ങൾക്ക് പ്രാധാന്യം<br>• കളിരീതി<br>• സ്വാഭാവികമായ പഠനസാഹചര്യം etc. (ഏതെങ്കിലും 2 എണ്ണം) | 2<br><br>1 |

| Qn. No. | Value Points | Total Score |
|---|---|---|
| 16. | • സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ<br>• ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ<br>• പൊതുവിദ്യാലയങ്ങളുടെ വ്യാപനം<br>• ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിന്റെ ആരംഭം<br>• ദേശീയ പ്രസ്ഥാനങ്ങളുടെ ഇടപെടൽ<br>• ഗ്രന്ഥശാല - സാക്ഷരതാ പ്രവർത്തനങ്ങൾ<br>• ഉച്ചഭക്ഷണ പരിപാടി (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 17 | • ജിജ്ഞാസ<br>• പ്രശ്നപരിഹാരം<br>• അനുഭവങ്ങളുടെ വിടവു നികത്തൽ<br>• പൊരുൾ തേടൽ<br>• പ്രതീകങ്ങളിലുള്ള താത്പര്യം (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 18 | • തുല്യതയ്ക്കുവേണ്ടിയുള്ള വിദ്യാഭ്യാസം - സ്ത്രീ തുല്യം....<br>• പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസം<br>• ന്യൂനപക്ഷങ്ങൾ, അംഗപരിമിതർ എന്നിവരുടെ വിദ്യാഭ്യാസം<br>• അനൗപചാരിക വിദ്യാഭ്യാസം<br>• ആദ്യകാല ശിശുവിദ്യാഭ്യാസം<br>• ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം<br>• ഓപ്പൺ സ്കൂളും വിദൂരവിദ്യാഭ്യാസവും<br>• നവോദയ വിദ്യാലയങ്ങൾ, ഡയറ്റുകൾ (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 19 | • ഏതെങ്കിലും പരിമിതി സൂചിപ്പിച്ചിട്ടുണ്ട് - ഫോർമാറ്റിലെ ഘടകങ്ങൾ എഴുതിയിട്ടുട്ടുണ്ട്<br>• ആമുഖം<br>• ഉദ്ദേശ്യങ്ങൾ<br>• പ്രവർത്തന ക്രമം<br>• ചുമതല<br>• കാലയളവ്<br>• മോണിറ്ററിംഗ് രീതി<br>• വിലയിരുത്തൽ<br>• സാമ്പത്തിക സ്രോതസ്സും - പ്രതീക്ഷിത ചെലവ് മുതലാവ | 3<br><br>1 |
| 20 | • വിമർശനാത്മകമ പഠനരീതി<br>• പ്രശ്നോന്നീത വിദ്യാഭ്യാസം<br>• പഠന ഭാഗങ്ങൾ കുത്തിനിറയ്ക്കാനുള്ള പാത്രമല്ല പഠിതാവ്<br>• പഠനം പുനഃ സൃഷ്ടിയാണ്.<br>• പാഠ്യ വസ്തുവിനെ പ്രശ്നങ്ങളായി കുട്ടികൾക്ക് മുമ്പിൽ അവതരിപ്പിക്കണം.<br>• സംവാദത്തിലൂടെ ആശയ വിനിമയം - ആശയ വിനിമയത്തിലൂടെ പഠനം<br>• സംവാദം കൂട്ടായ അന്വേഷണമാണ്; തർക്കമല്ല etc<br>(ഏതെങ്കിലും 3 പോയിന്റ്) | 3 |
| 21 | • ക്രിസ്ത്യൻ മിഷറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ച് സമർത്ഥിച്ചിട്ടുണ്ട്<br>• വിദ്യാഭ്യാസ പ്രചരണം<br>• വിദ്യാലയങ്ങൾ സ്ഥാപിച്ചു. 1827 - ൽ കോട്ടയത്ത് ഗ്രാമർസ്കൂൾ - 1818 -ൽ മട്ടാഞ്ചേരിയിൽ ബ്രിട്ടീഷ് മിഷൻ വിദ്യാലയം - 1848-ൽ കല്ലായിയിൽ വിദ്യാലായം - 1856 -ൽ തലശ്ശേരി മിഷൻ സ്കൂൾ etc | 3 |

| | | |
|---|---|---|
| | • കേരളത്തിലെ പ്രമുഖ സ്കൂളുകളധികവും മിഷണറിമാരാണ് സ്ഥാപിച്ചത്.<br>• പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു<br>• അച്ചടിയ്ക്കായി പ്രസ്സുകൾ സ്ഥാപിച്ചു.<br>• സാഹിത്യ പ്രവർത്തനം<br>• വ്യാകരണം, നിഘണ്ടു തുടങ്ങിയവ തയ്യാറാക്കി.<br>• ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി etc.<br>(ഏതെങ്കിലും 3 പോയിന്റ്) | 3 |
| 22 | • എല്ലാ കുട്ടികൾക്കും അവരുടെ താല്പര്യമനുസരിച്ച് പഠനത്തിലേർപ്പെടാൻ അവസരം.<br>• പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അവസരം<br>• അധ്യാപകരുമായി നിർഭയം ഇടപെടുന്നതിനുള്ള സന്ദർഭം<br>• സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം<br>• സഹവർത്തിത പഠനത്തിന് അനുയോജ്യമായ കൊടുക്കൽ വാങ്ങലിന്റെ അന്തരീക്ഷം.<br>• പഠന സാമഗ്രികളുടെ ലഭ്യത etc. (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 23 | • സ്ത്രീവിദ്യാഭ്യാസത്തിന് അനുകൂലമായ നിലപാടാണ് സ്വാമി വിവേകാനന്ദൻ സ്വീകരിച്ചിരുന്നത്.<br>• സ്ത്രീ ആദരിക്കപ്പെടേണ്ടവളാണ്.<br>• സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് മാതാപിതാക്കൾ മുൻ തൂക്കം നൽകണം.<br>• എല്ലാവരെയും വിദ്യാഭ്യാസം ചെയ്യിക്കണം.<br>• എല്ലാവർക്കും കൂടുതൽ അവസരം നൽകണം.<br>• സ്ത്രീ - പുരുഷ തുല്യതയിൽ വിശ്വസിച്ചു.<br>• വിദ്യനേടുന്നതിലൂടെ അത്മരക്ഷയ്ക്ക് ശക്തിനേടി ഝാൻസിറാണിയെപ്പോലെ ആയിത്തീരണം സ്ത്രീകൾ etc. (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 24. | • ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും ഏറ്റവും അടുത്തുള്ള പൊതു വിദ്യാലയം - അയൽപക്കസ്കൂൾ<br>• അയൽപക്കസ്കൂളിൽ ചേർക്കാതെ കുട്ടികളെ അകലെയുള്ള സ്കൂളുകളിൽ ചേർക്കുന്ന പ്രവണത കൂടി വരുന്നു.<br>• അയൽപക്കസ്കൂൾ uneconomic ആയി അടച്ചു പൂട്ടുന്ന അവസ്ഥ.<br>• അയൽപക്കസ്കൂൾ നടപ്പിലായാൽ സ്കൂൾ സ്ഥിതി ചെയ്യുന്ന സമൂഹത്തിന് സ്കൂൾ ആവശ്യമായി വരുന്നു. സ്കൂളിന്റെ പുരോഗതിയിൽ സമൂഹത്തിലെ ഓരോരുത്തർക്കും ബന്ധമുണ്ട്.<br>• അയൽപക്കസ്കൂളിൽ ഫലപ്രദമായി പ്രവർത്തിച്ചാൽ സ്കൂളുകൾ അടച്ചു പൂട്ടുന്നത് ഒഴിവാക്കാം.<br>• സ്കൂളുകളുടെ ഗുണനിലവാരം ഉയർത്താൻ സാധിക്കും<br>• ബോധന മാധ്യമം മാതൃഭാഷയാകുന്ന അവസ്ഥ വ്യാപകമാകും<br>etc. (ഏതെങ്കിലും 3 പോയിന്റ്) | 3 |
| 25. | • വിദ്യാലയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.<br>• വിദ്യാലയ വികസനപദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുക.<br>• സംസ്ഥാന ഗവൺമെന്റ്, എൽ.എസ്.ജി, മറ്റ് ഏജൻസികൾ തുടങ്ങിയവയൽ നിന്ന് ലഭിക്കുന്ന ധനസഹായം വിനിയോഗിക്കുന്നതിന് മേൽനോട്ടം വഹിക്കുക. | 3 |

| | | | |
|---|---|---|---|
| 26. | ഗാന്ധജി, ഡ്യൂയി എന്നിവരുടെ വിദ്യാഭ്യാസദർശനങ്ങളിലെ സമാനതകൾ<br>• പഠനം ജീവിതഗന്ധിയായിരിക്കണം.<br>• പ്രവർത്തനത്തിലൂടെ പഠനം<br>• ജനാധിപത്യ മൂല്യങ്ങൾക്ക് പ്രാധാന്യം<br>• സംഘപ്രവർത്തനം<br>• സ്വാനുഭവങ്ങളിലൂടെ പഠിക്കുക.<br>• പ്രായോഗിക ജീവിതത്തിന് പ്രാധാന്യം. (ഏതെങ്കിലും 5 പോയിന്റ് വിശമാക്കുക. | 5 |
| 27 | സെമിനാർ പ്രബന്ധത്തിൽ വേണ്ട പോയിന്റുകൾ<br>• സംഘകാലം മുതൽ കേരളത്തിലെ ജനങ്ങൾക്കും ഭരണാധികാരികൾക്കും വിദ്യയോടും വിദ്യ നേടിയവരോടും ആദരവ്<br>• ബുദ്ധമതക്കാലം - പള്ളിക്കൂടങ്ങൾ<br>• 1792 - ഓടെ ബ്രിട്ടന്റെ നേരിട്ടുള്ള ഭരണം മലബാറിൽ - മിഷനറി പ്രവർത്തന ങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം.<br>• 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ - സ്കൂൾ സ്ഥാപിക്കൽ വ്യാപകം.<br>• 1819-ൽ റാണിഗൗരി പാർവതിഭായി വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ചുമതലയായി പ്രഖ്യാപിച്ചു- വെർണാക്കുലർ സ്കൂളുകൾ<br>• 1869 - സ്വകാര്യ ഏജൻസികൾക്ക് സ്കൂൾ നടത്തുന്നിന് ധനസഹായം.<br>• 1894 - ൽ ഗ്രാന്റ് രീതി.<br>• 1903 തിരുവിതാകൂറിൽ പ്രൈമറി വിദ്യാഭാസം സൗജന്യം.<br>• 1818 കൊച്ചിയിൽ വെർണാക്കുലർ സ്കൂളുകൾ -എഴുത്തച്ഛൻമാർക്ക് സർക്കാരിൽ നിന്ന് ശമ്പളം.<br>• 1848-ൽ ബാസൽമിഷൻ സ്കൂൾ 1862 ബ്രണ്ണൻ സ്കൂൾ<br>1877 - ൽ കോഴിക്കോട്ട് സാമൂതിരി രാജാവ് സ്കൂൾ സ്ഥാപിച്ചു.<br>• 1920-മലബാർ ഡിസ്ട്രിക്ട് ബോർഡുകൾ<br>• മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>• ശ്രീനാരായണഗുരു, അയ്യങ്കാളി, വക്കം മൗലവി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ<br>• ദേശീയ പ്രസ്ഥാനം - കേരളത്തിൽ<br>• ഭൂപരിഷ്കരണം<br>• പുരോഗന ചിന്ത etc. (ഏതെങ്കിലും 10 പോയിന്റുകൾ സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കണം) | 5 |
| | **ആകെ സ്കോർ** | **60** |

## QUESTION WISE ANALYSIS

| Sl.No | Unit | Type | Level | Score | Time |
|---|---|---|---|---|---|
| 1 | II | Objective | Essay | 1 | 2 minute |
| 2 | I | Objective | Essay | 1 | 2 minute |
| 3 | IV | Objective | Average | 1 | 2 minute |
| 4 | III | Objective | Essay | 1 | 2 minute |
| 5 | V | Objective | Average | 1 | 2 minute |
| 6 | II | Objective | Easy | 1 | 2 minute |
| 7 | III | Objective | difficult | 1 | 2 minute |
| 8 | I | Objective | difficult | 1 | 2 minute |
| 9 | IV | Objective | Average | 1 | 2 minute |
| 10 | V | Objective | Average | 1 | 2 minute |
| 11 | V | Short answer(Type1) | Average | 2 | 4 minute |
| 12 | III | Short answer | Easy | 2 | 4 minute |
| 13 | IV | Short answer | difficult | 2 | 4 minute |
| 14 | I | Short answer | Average | 2 | 4 minute |
| 15 | II | Short answer | Difficult | 2 | 4 minute |
| 16 | I | Short answer(Type2) | Easy | 3 | 6 minute |
| 17 | II | Short answer | Average | 3 | 6 minute |
| 18 | III | Short answer | Difficult | 3 | 6 minute |
| 19 | V | Short answer | Average | 3 | 6 minute |
| 20 | II | Short answer | Difficult | 3 | 6 minute |
| 21 | III | Short answer | Average | 3 | 6 minute |
| 22 | IV | Short answer | Average | 3 | 6 minute |
| 23 | II | Short answer | Average | 3 | 6 minute |
| 24 | III | Short answer | Average | 3 | 6 minute |
| 25 | V | Short answer | Easy | 3 | 6 minute |
| 26 | II | Essay | Average | 5 | 10 minute |
| 27 | III | Essay | Average | 5 | 10 minute |
| | | | **Total** | **60** | **120 minute** |